കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി13/653/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.06.06.17

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി13/653/17 തീയതി:06.06.2017

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016 - 17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2016 മുതൽ 20.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ. സലിം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.5.2017മുതൽ 30.3.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ |
| | കെ.എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | റോയ്. ടി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | രാജിമോൾ.പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | വി.എ. സേതുലക്ഷ്മി | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | പി. ഉദയസിംഹൻ | 1.4.2016 മുതൽ 31.3.2017 വരെ |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഫിഷറീസ് ഇൻസ്പെക്ടർ. | പ്രിയാമോൾ പി. എസ് | 1.4.2016 മുതൽ 11.1.2017 വരെ |
| | ബിന്ദു.കെ.ഒ | 12.1.2017 മുതൽ 31.3.2017വരെ |
| വി.ഇ.ഒ, അരീപ്പറമ്പ്. | രശ്മി. കെ. പിള്ള. | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ, തൈക്കൽ | മാത്യൂസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ്, എൽ.പി. സ്കൂൾ. | കെ. ശ്രീകല | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശാലിനി വിൽക്കിൻസൺ | 1.4.2016 മുതൽ 1.12.2016 വരെ |
| | ഡോ.മേരി ലിഷി. | 2.12.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പി. സിനിമോൾ. | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | വ്യാസ് | 1.4.2016 മുതൽ .26.7.2016 വരെ |
| | സിനോജ് | 27.7.2016 മുതൽ 4.8.2016 വരെ |
| | അനൂപ് | 5.8.2016 മുതൽ 31.3.2017 വരെ |
| എം.ഒ, പി.എച്ച്.സി | ഡോ. സിമിലാൽ | 1.4.201 6മുതൽ .31.3.2017 വരെ |
| എം.ഒ, ആയുർവ്വേദം | ലിന്റാ സാമുവൽ. | 1.4.2016 മുതൽ 5.8.2016 വരെ |
| | മേഴ്സാ ജോസ് | 6.8.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ടി. എഫ്. സെബാസ്റ്റ്യൻ | 1.4.2016 മുതൽ 31.7.2016 വരെ |
| | എസ്. ഷാജി | 1.8.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രസീജ | 1.4.2016 മുതൽ 30.11.2106 വരെ |
| | തോമസ് ഡിക്രൂസ് | 1.12.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | തങ്കമ്മ | 1.4.2016 മുതൽ 6.9.2016 വരെ |
| | ധന്യ. ആർ | 7.9.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം.1 |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | പൊതു അവലോകനം |
| | | ഭാഗം.2 |
| 2 | 2-1 | വസ്തുനികുതി |
| 3 | 2-1 | വസ്തുനികുതി |
| 4 | 2-2 | തൊഴിൽ നികുതി - ന്യൂനതകൾ |
| 5 | 2-3 | ഡി & ഒ ലൈസൻസ് |
| | | ഭാഗം.3 |
| 6 | 3-1 | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം.067/17)-അധിക ചെലവ് അംഗീകരിക്കുന്നില്ല |
| 7 | 3-2 | മുട്ട ഗ്രാമം പദ്ധതി |
| 8 | 3-3 | കുന്നത്ത്-കൊച്ചിറവെളി റോഡ് ടാറിംഗ്-അധികതുക നൽകിയത് - 11227/- |
| 9 | 3-4 | തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല |
| 10 | 3-5 | കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജ് അധികം നൽകി |
| 11 | 3-6 | 46-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് (ചുറ്റുമതിൽ) -കുറഞ്ഞ അളവിൽ കമ്പി ഉപയോഗിച്ച് RCC ബെൽറ്റ് നിർമ്മിച്ചു |
| 12 | 3-7 | സബ് സെന്റർ നിർമ്മാണം - RR masonary യ്ക്ക് ഉയർന്ന നിരക്ക് അനുവദിച്ചു |
| 13 | 3-8 | കൃഷിഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ-ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല |
| 14 | 3-9 | മിനി ഹൈമാസ് ലൈറ്റ് സ്ഥാപിക്കൽ -പ്രോജക്ട് നം.S136/17 അപാകതകൾ |
| 15 | 3-10 | ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾ കരാർ ചമയ്ക്കാത്തതു സംബന്ധിച്ച് |
| 16 | 3-11 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ |
| 17 | 3-12 | മരുന്ന് ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 18 | 3-13 | ആദായ നികുതി കുറവുവരുത്താതെ കരാറുകാരന് തുക നൽകി |
| 19 | 3-14 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം പദ്ധതിയിലെ അപാകതകൾ |
| | | ഭാഗം.4 |
| 20 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| | | അനുബന്ധം |
| 21 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 4.3.2016 തിയതിയിലെ 3-1 തീരുമാനപ്രകാരം അംഗീകരിച്ചു. തൻവർഷത്തെ ബജറ്റും യഥാർത്ഥ വരവ് ചെലവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. മുൻവർഷ വരവ് ചെലവുകളെ ശരിയായ രീതിയിൽ അപഗ്രഥിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 181122200 | 185435700 |
| അക്കൗണ്ട്സ് പ്രകാരം | 75787486 | 65109765 |
| വ്യത്യാസം | 105334714 | 120325935 |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.3.2017 | 12.05.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് കാലയളവിൽ | അനുബന്ധമായി ചേർക്കുന്നു |

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് ---24680918

വരവ് ---75787486

ആകെ ---100468404

ചെലവ് ---65109765

നീക്കിയിരിപ്പ്--35358639

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 19417355 | 16624913 | 0 | 85.6 |
| വികസനഫണ്ട് എസ്.സി.പി. | 4048827 | 2142950 | 0 | 52.9 |
| വികസനഫണ്ട് ടി.എസ്.പി. | 422451 | 173000 | 0 | 40.9 |
| സംരക്ഷണഗ്രാന്റ് റോഡ് | 5080878 | 3273380 | 0 | 64.4 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5219625 | 725000 | 0 | 13.8 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10888990 | 10624829 | 0 | 97.5 |

| | | | | |
|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 6709916 | 5299270 | 0 | 78.9 |
| എ.എൻ.ആർ.ഇ.ജി.എസ്. | 77381180(മുന്നിരിപ്പ് 40810/-ഉൾപ്പെടെ) | 77219498 | 161682 | |
| ബി ഫണ്ട് | | 45334857 | 0 | |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 66366962 | 95 | 46699516 | 10 | 42 | 64.62 |

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 80% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

*(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)*

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3434508 | 6354504 | (+) 2919996 | (+)85 |
| നികുതിയേതര വരവുകൾ | 392539 | 367522 | (-) 25017 | (-)6.4 |
| മറ്റുവരവുകൾ | 246498 | 612234 | (+)365736 | 148 |
| ആകെ | 4073545 | 7334260 | (+)3260715 | 80 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1209600 | 646 |
| കർഷകതൊഴിലാളി പെൻഷൻ | 5299630 | 628 |
| വിധവാപെൻഷൻ | 8516310 | 920 |
| വാർദ്ധക്യകാലപെൻഷൻ | 23522885 | 2473 |
| വികലാംഗപെൻഷൻ | 4536300 | 535 |

| | | |
|---|---|---|
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിത രായ സ്ത്രീകൾക്കുള്ള പെൻഷൻ | 1611260 | 185 |
| | | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.5.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7276.രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ പരിശ്രമത്തിലൂടെ കെട്ടിട നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ സാധിച്ചുവെന്നത് എടുത്തുപറയത്തക്കതാണ്. രജിസ്റ്ററുകളും മറ്റും എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വിവരം ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓരോ വാർഡിലും എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ഗ്രാമപഞ്ചായത്ത് അധികൃതർക്കും നിശ്ചയമില്ലാത്തത് പോരായ്മയാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.5.2017 | 04/2017 | – |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.2.2016 | 2010-11 to 2014-15 | 26.3.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി

a)കെട്ടിട നികുതി പിരിവിൽ വർദ്ധനവ്

2015-16 സാമ്പത്തിക വർഷം പഞ്ചായത്തിലെ കെട്ടിടനികുതി പിരിവ് 17.8 ലക്ഷം രൂപയായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ പരിശ്രമത്തിലൂടെ കെട്ടിട നികുതി പിരിവ് 46.8 ലക്ഷം രൂപയായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

b) വസ്തുനികുതി ഇളവ് -മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച 02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 242/2013ത.സ്വ.ഭ.വ പ്രകാരം വിമുക്ത ഭടന്മാരുടെ 2000ച.അടിയിൽ കവിയാത്ത തറ വിസ്തീർണ്ണം ഉള്ള ഒരു വീടിന് മാത്രമേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. താഴെ പറയുന്ന വിമുക്തഭടന്മാർ തൻവർഷവും മുൻവർഷവും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം ഇവരുടെ വീടുകൾക്ക് 2000 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുണ്ട്.

| പേര് | കെട്ടിട നം. | അപേക്ഷ പ്രകാരം വീടിന്റെ തറ വിസ്തീർണ്ണം | അസസ്മെന്റ് രജിസ്റ്റർ പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| കെ.പ്രേമചന്ദ്രൻ | 9/617 | 2216 ച. അടി | 1130 ച. അടി |
| കെ. രാമചന്ദ്രൻ | 14/114 | 2200ച. അടി | 1528 ച. അടി |

എന്നാൽ ഈ വീടുകൾക്കും നികുതി ഇളവ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയത്തിനുശേഷം വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന വിവരം ഭൗതിക പരിശോധന നടത്തി ഉറപ്പ് വരുത്തുന്നതാണെന്നും 2000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ചട്ടപ്രകാരം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

സി) താഴെപ്പറയുന്ന വിമുക്തഭടന്മാരുടെ അപേക്ഷ പ്രകാരമുള്ള വീടിന്റെ വിസ്തീർണ്ണവും ഫാറം-6 ലെ രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | പേര് | കെട്ടിട നം. | അപേക്ഷ പ്രകാരം വീടിന്റെ തറ വിസ്തീർണ്ണം | ഫാറം-6 ലെ വിവരങ്ങൾ പ്രകാരം വിസ്തീർണ്ണം |
|---|---|---|---|---|
| 1 | നാരായണക്കുറുപ്പ് | VI/373 | 2000 ച.അടി | 149 ച.മീ |
| 2 | കെ. മുരളീധരൻ | XV/324 | 2000 ച.അടി | 35 ച.മീ |

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി മേൽപ്പറഞ്ഞ എല്ലാ കെട്ടിടങ്ങളുടെയും യഥാർത്ഥ വിസ്തീർണ്ണം കണക്കാക്കേണ്ടതും 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളവയ്ക്ക് ചട്ടപ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കി ആവശ്യമായ രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി – ന്യൂനതകൾ

2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

a)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ട്രാവൻകൂർ കോകോടഫ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, പോസ്റ്റ് ഓഫീസ് ചേർത്തല സൗത്ത് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ട്രാവൻകൂർ കോകോടഫ്റ്റ് പ്രൈവറ്റ് ലിമിറ്റഡിലെ 61ജീവനക്കരിൽ നിന്നും ഒന്നാം അർദ്ധ വാർഷം 59,450 രൂപയും ചേർത്തല സൗത്ത് പോസ്റ്റ് ഓഫീസിലെ 2 ജീവനക്കരിൽ നിന്നും ഒന്നാം അർദ്ധ വർഷം 1350 രൂപയും തൊഴിൽ നികുതിയായി ലഭിച്ചിട്ടുള്ളതാണ്. അതുപോലെ ഐ.സി.ഡി.പി സബ് സെന്ററിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ടി.ആർ. ബേബിയിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 1250 രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി കുടിശ്ശിക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടി ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കി നികുതി ഈടാക്കുന്നില്ലങ്കിൽ പഞ്ചായത്തുഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

b)സ്ഥാപന നികുതി ഈടാക്കിയില്ല

ചേർത്തല സഹകരണ അർബൻ സൊസൈറ്റി തൈക്കൽ (ഒന്നാം അർദ്ധവർഷം), സർവ്വീസ് സഹകരണ ബാങ്ക് 1344 ചേർത്തല തെക്ക് (ഒന്നും രണ്ടും അർദ്ധവർഷം) എന്നീ സ്ഥാപനങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ചിട്ടുള്ള അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

c)താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

a.മിൽക്ക് സൊസൈറ്റി തൈക്കൽ

b.കയർ സൊസൈറ്റി ചേർത്തല തെക്ക്

c.മിൽക്ക് സൊസൈറ്റി ചേർത്തല തെക്ക്

d.വ്യാസാ മത്സ്യഫെഡ് സ്റ്റോർ, അർത്തുങ്കൽ

e.സോഫൈൻ ഡെക്കർ,മായിത്തറ

f.സതേൺ റെയിൽവെ തിരുവിഴ

ടി സ്ഥാപനങ്ങളിലെ ജീവനക്കരിൽ നിന്നും അവരുടെ അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്

1.ഡി &ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷം ലൈസൻസ് എടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതിക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | സംരംഭം | മുൻവർഷം ഈടാക്കിയ ലൈസൻസ് ഫീ | മുൻവർഷം ഈടാക്കിയ/ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| ട്രാവൻകൂർ കൊക്കൊടഫ്റ്റ് | പി.വി. സി.കയർമാറ്റ് നിർമ്മാണം | 9000 | 2500 |
| സെക്രട്ടറി,അർത്തുങ്കൽ വില്ലേജ് SCB | അലോപ്പതി മരുന്ന് | 500 | 2500 |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാതിരുന്നതിനാൽ തൻവർഷം ലൈസൻസ് ഫീസിനത്തിൽ കുറഞ്ഞത് 9500/- രൂപയും തൊഴിൽ നികുതിയിനത്തിൽ 5000/- രൂപയും ഉൾപ്പെടെ 14500/- രൂപ കുറവു സംഭവിക്കാനിടായായി. ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ട്രാവൻകൂർ കൊക്കൊടഫ്റ്റ് വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി കേസ് നിലനിൽക്കുന്നതിനാൽ നികുതികൾ ഒന്നും തന്നെ ഒടുക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.)

2.സെന്റ്.സെബാസ്റ്റ്യൻ വിസിറ്റേഷൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ മേരി ജമ്മയുടെ പേരിൽ മുൻവർഷം ലാബ്, കാന്റീൻ എന്നിവ നടത്തുന്നതിന് ലൈസൻസ് ഫീസിനത്തിൽ 1000/-രൂപയും സ്ഥാപന നികുതിയിനത്തിൽ 2500/- രൂപയും ഈടാക്കി ലൈസൻസ് നൽകിയിരുന്നു. തൻവർഷം ജനറൽ ആശുപത്രി, ലാബ്, X- റേ, സ്കാൻ എന്നിവയുടെ നടത്തിപ്പിനുള്ള ലൈസൻസിന് അപേക്ഷ നൽകിയതിനും ഇതേ ഫീസ് മാത്രമാണ് ഈടാക്കി ലൈസൻസ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ പ്രധാന സ്വകാര്യ ആശുപത്രികളിലൊന്നായ സെന്റ്.സെബാസ്റ്റ്യൻ വിസിറ്റേഷൻ ഹോസ്പിറ്റലിന് കുറഞ്ഞ ഫീസ് ഈടക്കി ലൈസൻസ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ടേൺ ഓവർ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് വാങ്ങി ലൈസൻസ് ഫീസ് പുനർ നിശ്ചയിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പുനർ നിർണ്ണയിച്ച വിവരം അറിയിക്കേണ്ടതാണ്.

3. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 ക്രമനമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രിയുടെ നടത്തിപ്പിന് ലൈസൻസ് എടുക്കേണ്ടതുണ്ട്. 12- ാം വാർഡിൽ സ്ഥിതി ചെയ്യുന്ന DSR ഹോസ്പിറ്റൽ & ഓൾഡ് ഏജ് ഹോമിന്റെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിൽ നിന്നും തൻവർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല. ഫൈൻ സഹിതം ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ഫീസ് കുടിശ്ശിക

സഹിതം ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

4.തൻവർഷം പ്രർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

എ) സോഫൈൻ ഡെക്കർ,മായിത്തറ - വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി കേസ് നിലനിൽക്കുന്നതിനാൽ ലൈസൻസ് പുതുക്കിയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996 - ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി)മാവേലി സ്റ്റോർ, അർത്തുങ്കൽ - ഫൈൻ സഹിതം ഫീസ് കുടിശ്ശിക ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത് . ഫീസ് കുടിശ്ശിക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

5. 2-ാംവാർഡിൽ ഒന്നും 4, 18 വാർഡുകളിൽ മൂന്ന് വീതവും സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓരോ വാർഡിലും എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ഗ്രാമപഞ്ചായത്ത് അധികൃതർക്കും നിശ്ചയമില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് പുതുക്കാതിരുന്ന സ്ഥാപനങ്ങൾക്കെതിരെ യുക്തമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം.067/17)-അധിക ചെലവ് അംഗീകരിക്കുന്നില്ല

നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സി.എഫ്.എൽ.,ട്യൂബ് ലൈറ്റുകൾ തുടങ്ങിയവ മാറ്റി ആ സ്ഥാനത്ത് എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിനായി ഒരു സ്ട്രീറ്റ് ലൈറ്റ് മാറ്റുന്നതിന് 20W LED ക്കും അനുബന്ധ വസ്തുക്കൾക്കുമായി 4150 രൂപയും KSEB യുടെ സൂപ്പർവിഷൻ ചാർജ് ഉൾപ്പെടെ ലൈറ്റ് സ്ഥാപിക്കുന്നതിന് 1000 രൂപയും (ആകെ 5150 രൂപ) കെൽട്രോണിനു നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1)ബിൽ നം.17/17-1-17 Rs.2905000-700 LED ക്കും അനുബന്ധ വസ്തുക്കൾക്കുമായി കെൽട്രോണിനു നൽകി.

2) ബിൽ നം.25/25-3-17 Rs.306258, & ബിൽ നം.30/30-3-17 Rs.393742 (ആകെ 700000 രൂപ) പഴയവ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും KSEB യുടെ സൂപ്പർവിഷൻ ചാർജിനായും കെൽട്രോണിനു നൽകി.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള KSEB യുടെ വർക്ക് എസ്റ്റിമേറ്റിൽ ഒരു പോസ്റ്റിൽ നിന്നും ലൈറ്റ് കേടുവരാതെ അഴിച്ചുമാറ്റുന്നതിന് 93രൂപയും പകരം LED സ്ഥാപിക്കുന്നതിന് 185 രൂപയുമാണ് ചാർജ് പറഞ്ഞിട്ടുള്ളത് (ആകെ 278രൂപ) ഇതിന്റെ 10% സൂപ്പർവിഷൻ ചാർജ് (27.8രൂപ) KSEB യിൽ അടക്കേണ്ടതുകൂടി കൂട്ടിയാൽ ആകെ 305.8രൂപയാണ് നൽകേണ്ടത്. പകരം 1000 രൂപ വച്ച് കെൽട്രോണിനു നൽകിയിട്ടുണ്ട്. അതായത് KSEB യുടെ വർക്ക് എസ്റ്റിമേറ്റ് പ്രകാരം 700 ലൈറ്റിന് ഈ ഇനത്തിൽ 214060 (700x305.80) രൂപ നൽകേണ്ടതിനു പകരം 700000 രൂപ കെൽട്രോണിനു നൽകി. മാത്രമല്ല കെൽട്രോൺ KSEB യുടെ വർക്ക് എസ്റ്റിമേറ്റ് പ്രകാരം ആണ് സൂപ്പർവിഷൻ ചാർജ് അടച്ചിട്ടുള്ളത്. ശരിയായ പരിശോധന ഇല്ലാത്തതിനാൽ 485940/- രൂപ അധികം നൽകേണ്ടി വന്നു (700000-214060). ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 1000 രൂപ വച്ച് കെൽട്രോണിനു നൽകാമെന്ന കരാറിലാണ് സപ്ളൈ ഓഡർ നൽകിയതെന്നും ആയതിനാലാണ് ഈ തുക നൽകിയതെന്നുമാണ്. കെൽട്രോണുമായി വച്ചിട്ടുള്ള കരാറിൽ 3 വർഷ വാറണ്ടി LED സ്ട്രീറ്റ് ലൈറ്റിന്റെ നിർമ്മാണത്തിൽ വരുന്ന പിഴവിന് മാത്രമായി പരിമിതപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ കെൽട്രോണിൽ നിന്നും LED സ്ട്രീറ്റ് ലൈറ്റും അനുബന്ധ സാധനങ്ങൾ വാങ്ങി KSEB യെക്കൊണ്ട് സ്ഥാപിച്ചിരുന്നുവെങ്കിൽ മേല്പറഞ്ഞ വിധത്തിലുള്ള നഷ്ടം

ഒഴിവാക്കാമായിരുന്നു. ആയതിനാൽ മേൽമറുപടി അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-2 മുട്ട ഗ്രാമം പദ്ധതി

സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം 30000 രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും ഒരു വർഷത്തിൽ 75000/- രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും വ്യക്തികളിൽ നിന്നും ഒരു ശതമാനവും സ്ഥാപനങ്ങളിൽ നിന്നും രണ്ട് ശതമാനവും നികുതി ഉറവിടത്തിൽ തന്നെ ഈടാക്കേണ്ടതാണ്. മുട്ടക്കോഴികളെ വിതരണം ചെയ്തതിന് കെ.എം എഗ്ഗർ നഴ്സറിയ്ക്ക് 3,27,600/- രൂപ നൽകിയിട്ടുണ്ടെങ്കിലും ടി സ്ഥാപനത്തിൽ നിന്നും 2% നിരക്കിൽ ആദായ നികുതി ഈടാക്കിയിട്ടില്ല. 3,27,600 രൂപയുടെ 2% ആയ 6552/- രൂപ കെ.എം എഗ്ഗർ നഴ്സറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കുന്നത്ത്-കൊച്ചിറവെളി റോഡ് ടാറിംഗ്-അധികതുക നൽകിയത് - 11227/-

എ) കുന്നത്ത് - കൊച്ചിറവെളി റോഡ് ടാറിംഗ് പ്രവൃത്തിയിൽ 2-ാം ഇനം സബ് ഗ്രേഡ് നിർമ്മാണമാണ്. ടിയിനം ചെയ്തത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ആകെ അളവു കണക്കാക്കിയതിൽ പിഴവ് സംഭവിച്ചതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അളവുപുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്ന അളവ് | യഥാർത്ഥത്തിൽ വരുന്ന അളവ് |
|---|---|
| 1x30x3x(0.20+0.25)/2 = 24.75 | 1x30x3x(0.20+0.25)/2 = 20.25 |
| 1x30x3x(0.20+0.25)/2 = 24.75 | 1x30x3x(0.20+0.25)/2 = 20.25 |
| 1x30x3x(0.20+0.25)/2 = 24.75 | 1x30x3x(0.20+0.25)/2 =20.25 |
| 1x30x3x(0.20+0.25)/2 = 24.75 | 1x30x3x(0.20+0.25)/2 = 20.25 |
| 1x30x3x0.30 = 27.00 | 1x30x3x0.30 = 27.00 |
| 1x18 x3x0.30 = 16.20 | 1x18 x3x0.30 = 16.20 |
| ആകെ 142.20<br>(-) 10% 14.22<br>127.98 (MB Page 3)<br>7.07 (MB Page 10)<br>135.05 $m^3$ | ആകെ 124.20<br>(-) 10% 12.42<br>111.78<br>7.07 (MB Page 10)<br>118.85 $m^3$ |
| അനുവദിച്ച തുക 135.05 $m^3$ @ 480/$m^3$ = 64824/- | അനുവദിനീയമായ തുക 118.85 $m^3$ @ 480/$m^3$ =57048/- |

അധികം നൽകിയത് - 64824 -57048 = 7776/-

ബി) 3-ാ ം ഇനമായി അനുവദിച്ച കടത്തുകൂലി -135.05 x 39 x1.7 = 8953.81 @ 2.10 = 18803/-

അനുവദിക്കാവുന്ന കടത്തുകൂലി 118.85 x 39 x1.7 = 7880 @ 2.10 = 16548/-

അധികം = 18803 - 16548 = 2255/-

സി) ഇനം 6 ടാക്ക് കോട്ട് ചെയ്തിരിക്കുന്നതിന് അനുവദിച്ച നിരക്ക് 15/$m^2$ ആണ് (ഐറ്റം റേറ്റ്). നോൺ ബിറ്റുമിനസ് സർഫസിനു പുറമേ ചെയ്യുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നത് (15.71/$m^2$). ടി പ്രവൃത്തിയിൽ 4-ാം ഇനമായി WMM ചെയ്തിട്ടുള്ളതിനാൽ ഇതിനു പുറമേ ചെയ്യുന്നതിനുള്ള നിരക്ക് (13.55/$M^2$) അനുവദിച്ചാൽ മതി. എസ്റ്റിമേറ്റിൽ ഇനം തെറ്റായി കാണിച്ചതു വഴിയുള്ള നഷ്ടം ചുവടെ കൊടുക്കുന്നു.

അനുവദിച്ചത് - 825 $m^2$ @15 = 12375/-

അനുവദനീയം - 825 $m^2$ @ 13.55 = 11179/-

അധികം 1196/-

മനപൂർവ്വമല്ലാത്ത വീഴ്ചയായതിനാൽ പരാമർശം ഒഴിവാക്കണമെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്.

മേൽപ്പറഞ്ഞ വിധം അധികം നൽകിയ തുക 11227/-(7776 + 2255+ 1196) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

*അനുബന്ധ വിവരം*

പ്രോജക്ട് നം -138/17

കരാർ - എം. സതീഷ് കുമാർ

അളവു പുസ്തകം -46/16-17

ചെലവ് വിവരം - 33/30-03-17 രൂപ 56866

## 3-4 തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ- മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ബിൽ തുക സ്ലാബ് പ്രകാരം 82,427/- രൂപയാണ്. സ്ലാബ് ഒഴിവാക്കി മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായി മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴും സ്ലാബ് സമ്പ്രദായമാണ് തുടർന്നു വരുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം CFL സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പകരം 700 LED ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി ബില്ലിൽ കുറവ് വന്നിട്ടില്ല. നിലവിൽ പഞ്ചായത്ത് ഒടുക്കി വരുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജായ 82,427/- രൂപയ്ക്ക് ആനുപാതികമായ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി. യിൽ നിന്നും നല്കുന്ന വിശദാംശങ്ങൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും നല്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം മീറ്റർ ഉടൻ സ്ഥാപിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. അടിയന്തിരമായി മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈറ്റുകളുടെ എണ്ണത്തിനും നിരക്കിനും ആനുപാതികമായ വൈദ്യുതി ബില്ലാണ് ഒടുക്കുന്നതെന്നും അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്.

## 3-5 കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജ് അധികം നൽകി

a)അറക്കൽ -ഐ.റ്റി.സി ബീച്ച് റോഡ് ടാറിംഗ് വാർഡ് -19

പ്രോജക്റ്റ് നം -124/17

കരാർ - കെ.ജെ.ജോബ് ,

അളവു പുസ്തകം -31/16-17

ചെലവ് വിവരം - 35/30-03-17 രൂപ 295321/-

ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ വെച്ചിട്ടുള്ളത്. MoRD സ്പെസിഫിക്കേഷനിൽ ചെയ്ത ടി പ്രവൃത്തിയ്ക്ക് PRICE സോഫ്റ്റ് വെയറിൽ 10% ഓവർഹെഡ് ചാർജ്ജ് നൽകിയാണ് നിരക്ക് കണ്ടെത്തിയിരിക്കുന്നത്. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 5% ഓവർഹെഡ് ചാർജ്ജ് മാത്രമാണ് കരാറുകാർക്ക് അനുവദനീയം. 10% ഓവർഹെഡ് ചാർജ്ജ് നൽകിയതു വഴി അധികം നൽകാനിടയായി.

ചെയ്ത പ്രവൃത്തിയുടെ മൂല്യം - 297571/-

കുറവു ചെയ്യേണ്ടിയിരുന്ന അധിക ഓവർഹെഡ് ചാർജ്ജ് @5% = 14879/-

അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

b)റീത്താലയം -പൂണത്തുഭാഗം റോഡ് ടാറിംഗ്

പ്രോജക്റ്റ് നം -123/17

കരാർ - രജീഷ്. പി

അളവു പുസ്തകം -29/16-17

ചെലവ് വിവരം -28/29-03-17 രൂപ 299557/-

എ) ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ വെച്ചിട്ടുള്ളത്. MoRD സ്പെസിഫിക്കേഷനിൽ ചെയ്ത ടി പ്രവൃത്തിയ്ക്ക് PRICE സോഫ്റ്റ് വെയറിൽ 10% ഓവർഹെഡ് ചാർജ്ജ് നൽകിയാണ് നിരക്ക് കണ്ടെത്തിയിരിക്കുന്നത്. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 5% ഓവർഹെഡ് ചാർജ്ജ് മാത്രമാണ് കരാറുകാർക്ക് അനുവദനീയം. 10% ഓവർഹെഡ് ചാർജ്ജ് നൽകിയതു വഴി അധികം നൽകാനിടയായി.

ചെയ്ത പ്രവൃത്തിയുടെ മൂല്യം - 299557/-

കുറവു ചെയ്യേണ്ടിയിരുന്ന അധിക ഓവർഹെഡ് ചാർജ്ജ് @5% = 14978/-

അധികം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 46-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് (ചുറ്റുമതിൽ) -കുറഞ്ഞ അളവിൽ കമ്പി ഉപയോഗിച്ച് RCC ബെൽറ്റ് നിർമ്മിച്ചു

പ്രോജക്റ്റ് നം -134/17

കൺവീനർ - ഗ്രെയ്സ് .കെ.ജി

അളവു പുസ്തകം -43/16-17

ചെലവ് വിവരം - 37/30-03-17 രൂപ 98432/-

നിലവിലുള്ള ഫൗണ്ടേഷന് മുകളിൽ RCC ബെൽറ്റ് നിർമ്മിച്ചതിന് 54kg, 8mm കമ്പി ഉപയോഗിച്ചതിന്

97.61/kg നിരക്കിൽ 5271 /- രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. കൺവീനറുടെ കണക്കുകൾ പരിശോധിച്ചതിൽ 24.80 kg കമ്പി മാത്രമാണ് ടി പ്രവൃത്തിക്കായി വാങ്ങിയിരിക്കുന്നത് (തീയതി വെക്കാത്ത കണിച്ചുകുളങ്ങര എസ്.എൻ സ്റ്റീൽസിന്റെ 1046 -ാം നമ്പർ ബിൽ ).

റീ ഇൻഫോഴ്സ്മെന്റിന് കൺവീനർക്ക്

അനുവദിക്കാവുന്ന തുക -- 24.80 @ 97.61 = 2420/-

അധികം നൽകിയത് -- 5271- 2420 = 2851/-

55.2 kg കമ്പിയും പ്രവൃത്തിക്ക് ഉപയോഗിച്ചതായാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി. എന്നാൽ 24.80kg കമ്പിയുടെ ബിൽ മാത്രമാണ് കൺവീനറുടെ കണക്കുകളിലും ഫയലിലും ഉള്ളത്. അതിനാൽ അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 സബ് സെന്റർ നിർമ്മാണം - RR masonary യ്ക്ക് ഉയർന്ന നിരക്ക് അനുവദിച്ചു

പ്രോജക്ട് നം -009/17

കരാർ - അജീഷ്. എസ്

അളവു പുസ്തകം -32/15-16, 40/14-15

ചെലവ് വിവരം -ഡി.ഡി നം 563356/19-04-16രൂപ 137147/-

ബിൽ നം 5/04-11-16 രൂപ 708107/-

ടി പ്രവൃത്തിയുടെ 3-ാം ഇനം RR masonary യിൽ ഫൗണ്ടേഷനും ബേസ്മെന്റും നിർമ്മിക്കുക എന്നതാണ്. CPWD സ്പെസിഫിക്കേഷൻ 7.1പ്രകാരം ഇത് ചെയ്യതിന് 5709/$m^3$ അനുവദി ച്ചിട്ടുണ്ട്. ടി നിരക്കിൽ 1:6:12 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ബേസ്മെന്റിന് മുകളിൽ ഇനം 5 ആയി ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ RR masonary-യുടെ ഭാഗമായുള്ള 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് എന്ന ഇനം ചെയ്യേണ്ട ആവശ്യമില്ല. ഇതിനുള്ള നിരക്ക് കുറച്ചതിനുശേഷമുള്ള നിരക്കാണ് RR masonary-ക്ക് അനുവദിക്കേണ്ടി യിരുന്നത്. കുറവു വരുത്തേണ്ട നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

സിമന്റ് കോൺക്രീറ്റിംഗ് – 81.45

വാട്ടർ ചാർജ്ജ് (1%) - 8.15

CP/OH (15%) - 12.22

ആകെ - 101.82

കോസ്റ്റ് ഇൻഡക്സ് 0.4571 – 46.54

കുറവു വരുത്തേണ്ട നിരക്ക് -148.36

പ്രസ്തുത ഇനം ചെയ്ത അളവ് – 19.78 $m^3$

കുറവു വരുത്തേണ്ട തുക -- 19.78 @148.36 = 2935

(-) ടെണ്ടർ വ്യതിയാനം (7%) -- 206

അധികം നൽകിയത് – 2729

ഇത സംബന്ധിച്ച നൽകിയ എൻക്വയറിക്ക് ലെവലിംഗ് കോഴ്സ് കഴിഞ്ഞതിന് ശേഷമാണ് ബെൽറ്റ് നിർമ്മിച്ചിരിക്കുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ബെൽറ്റ് നിർമ്മിക്കാത്ത സാഹചര്യങ്ങളിൽ മാത്രമാണ് ബേസ്മെന്റിന മുകളിൽ ലെവലിംഗ് കോഴ്സ് ആവശ്യമായിട്ടുള്ളത്. മറുപടി അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

ബി) അസിസ്റ്റന്റ് എഞ്ചിനീയറുടെ 26.02.16 -ലെ വർക്ക് ഓർഡർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി 25-09-16 ആണ് (കരാർ നം. 42/AE/26-02-16).

പ്രവൃത്തി പൂർത്തീകരിച്ചത് - 19-10-16 (MB40/14-15 പേജ് 29)

കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ നീട്ടി നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഇല്ല. അതിനാൽ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വവൽ സെക്ഷൻ 2116.1 പ്രകാരം കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.

പിഴയിനത്തിൽ ഈടാക്കേണ്ട തുക

PAC -- 983100/-

പിഴ ഈടാക്കേണ്ട കാലയളവ് -- 26.09.16 മുതൽ 19.10.16 വരെ (23 ദിവസം)

ഈടാക്കേണ്ട തുക – 983100x 0.1/100x3 $^{2}/_{7}$ = 3230/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 കൃഷിഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ-ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

കാർഷിക മേഖലയിലെ പുരോഗതി ലക്ഷ്യമാക്കി തൻവർഷം കൃഷിഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളിൽ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകൽ എന്ന പ്രോജക്ട് ഒഴികെ മറ്റ് പ്രോജക്ടുകൾ വിത്ത് വളം തുടങ്ങിയവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളവയാണ്. എന്നാൽ വിതരണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

1) ഹരിത സമൃദ്ധി പ്രോജക്ട് നം. S142/17

200 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്യുവാൻ 200 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പച്ചക്കറി തൈകൾ ഗ്രൂപ്പുകൾ സ്വയം വാങ്ങണമെന്നും വളത്തിന്റെ വിലയുടെ 75% പദ്ധതി വിഹിതം അനുവദിക്കുമെന്നുമാണ് പ്രോജക്ടിൽ പറഞ്ഞിട്ടുള്ളത്. ഇതിനായി ബിൽ നം. 6/30-3-17പ്രകാരം 146205രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ ഫയലിൽ വ്യാസാ സ്റ്റോറിൽ നിന്നുള്ള ന്യൂട്രിഫിഷ് മിക്സ് 12825 കി.ഗ്രാം.ന് 194940രൂപയുടെ ബില്ല് വച്ചിട്ടുണ്ട്. തുക നൽകിയതായുള്ള രേഖകൾ, സ്ഥാപനം തുക കൈപ്പറ്റിയതായുള്ള രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 57 ഗ്രൂപ്പുകൾക്ക് 225 കി.ഗ്രാം.വീതം വളം വിതരണം ചെയ്തതായി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഓരോ ഗ്രൂപ്പും കൃഷി ചെയ്ത ഏരിയ പരിഗണിക്കാതെ എല്ലാ ഗ്രൂപ്പുകൾക്കും ഒരേ അളവ് വളമാണ് നൽകിയിട്ടുള്ളത്. മാത്രമല്ല ഈ ഗ്രൂപ്പുകൾ പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ടെന്നുള്ളതിന് രേഖകൾ ഇല്ല. ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 146205 രൂപയുടെ പദ്ധതി ചെലവും 48375 രൂപയുടെ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ചെലവും ഉൾപ്പെടെ 194580രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) <u>അടുക്കള പച്ചക്കറിതോട്ടം നിർമ്മാണപദ്ധതി-S059/17</u>

796 പേർക്ക് 25 പച്ചക്കറി തൈകൾ 10കി.ഗ്രാം ജൈവവളം എന്നിവ സബ്സിഡി നിരക്കിൽ നൽകി പച്ചക്കറി തോട്ടം നിർമ്മിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിനായി ബിൽ നം.3/13-3-17 പ്രകാരം 107460രൂപയും ബിൽ നം.4/30-3-17 പ്രകാരം 35204രൂപയും ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ 7546 കി.ഗ്രാം ന്യൂട്രീഫിഷ് - ന്റെ വിലയായി 143376 രൂപയുടെ വ്യാസാ സ്റ്റോറിന്റെ ബില്ലും പച്ചക്കറി തൈകൾക്ക് എഴുപുന്ന എ ഗ്രേഡ് പച്ചക്കറി ക്ളസ്റ്ററിന്റെ 44576 രൂപയുടെ ബില്ലും വച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ വിതരണ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി വിഹിതം ഇനത്തിലുള്ള 142664രൂപയുടെ ചെലവും ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 45372 രൂപയുടെ ചെലവും ഉൾപ്പെടെ 188036രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബിൽ നം. 4 പ്രകാരം 35024 രൂപയുടെ ബിൽ ആണ് ട്രഷറിയിൽ സമർപ്പിച്ചതെങ്കിലും 35204 മാറി നൽകിയതായി കാണുന്ന വിശദീകരണം നൽകേണ്ടതാണ്.

3) <u>ഗ്രോ ബാഗ് പച്ചക്കറി കൃഷി വികസനം -S062</u>

ഗുണഭോക്താക്കൾക്ക് ഗ്രോ ബാഗ്, ജൈവവളം, പച്ചക്കറി തൈകൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി ബിൽ നം. 1/13-3-17പ്രകാരം 233350രൂപയും ബിൽ നം.9/30-3-17പ്രകാരം 53802രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഫയലിൽ ഫ്ളോറാ ഗാർഡൻസ് മണ്ണഞ്ചേരിയുടെ 13700ഗ്രോ ബാഗിന് 17രൂപ വച്ച് 232900രൂപയുടെ ബില്ലും, വ്യാസാ സ്റ്റോറിന്റെ 13700കി.ഗ്രാം.ന്യൂട്രീഫിഷ് മിക്സിന്റെ 208240രൂപയുടെ ബില്ലും, എഴുപുന്ന എ ഗ്രേഡ് പച്ചക്കറി ക്ളസ്റ്ററിന്റെ 13700എണ്ണം പച്ചക്കറി തൈകൾക്ക് 30688രൂപയുടെ ബില്ലും വച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ വിതരണ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി വിഹിതം ഇനത്തിലുള്ള 287152രൂപയുടെ ചെലവും ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 171371 രൂപയുടെ ചെലവും ഉൾപ്പെടെ 458523രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 13305 രൂപ ഫ്ളോറാ ഗാർഡൻസ് - ന് നൽകുവാനുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

4) <u>ഇളനീർ തൈ വിതരണം S061/17</u>

പ്രോജക്ടിന്റെ നടത്തിപ്പിനായി 280 തെങ്ങിൻ തൈകൾക്കായി 29960 രൂപ ഗവൺമെന്റ് കോക്കനട്ട് നേഴ്സറിക്ക് നൽകി. ഇതിനായി ബിൽ നം.5/30-3-17 പ്രകാരം 20160 രൂപ പദ്ധതി വിഹിതവും 9800രൂപ ഗുണഭോക്തൃ വിഹിതവും നൽകി. എന്നാൽ സ്ഥാപനം പണം കൈപ്പറ്റിയതായുള്ള രേഖകളും തെങ്ങിൻ തൈകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതായുള്ള രേഖകളും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തെങ്ങിൻ തൈകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങി ഉടൻ വിതരണം നടത്തേണ്ടതാണ്.

29960 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

5) കിഴങ്ങുവർഗ്ഗ വിള കൃഷി വികസനം S060/17

പ്രോജക്ടുമായി ബന്ധപ്പെട്ട് ബിൽ നം 2/13-13-17 പ്രകാരം 294000രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 98000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 392000 രൂപ കിഴങ്ങുവർഗ്ഗങ്ങൾക്കായി VFPCKയ്ക്ക് നൽകി. സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത്, കിഴങ്ങുവർഗ്ഗങ്ങളുടെ വിതരണ രേഖകൾ ഇവ ഹാജരാക്കാത്തതിനാൽ 392000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

6) സമഗ്ര വാഴകൃഷി വികസനം S159/17

പ്രോജക്ടിൽ 33500വാഴവിത്തും ഒരു വാഴവിത്തിന് 2കി.ഗ്രാം.പ്രകാരം 67000കി.ഗ്രാം. ജൈവ വളവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ബിൽ നം. 7/30-3-17 പ്രകാരം 259440 രൂപയും ബിൽ നം.10/30-3-17 പ്രകാരം 25200 ഉൾപ്പെടെ 284640 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 106740രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 391380 രൂപ വാഴവിത്ത് 11860 എണ്ണത്തിന് 166040 രൂപ VFPCKയ്ക്കും 11267കി.ഗ്രാം. ന്യൂട്രീഫിഷ് മിക്സിന് 225340 രൂപ വ്യാസാസ്റ്റോറിനും നൽകിയതായി കാണുന്നു. സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത്, വിതരണ രേഖകൾ ഇവ ഹാജരാക്കാത്തതിനാൽ 391380 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിതരണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ലാത്തതിനാലും വിത്ത്, വളം തുടങ്ങിയവ സപ്ളൈ ചെയ്ത സ്ഥാപനങ്ങൾ പണം കൈപ്പറ്റിയതായുള്ള രേഖകൾ ഹാജരാക്കാത്തതിനാലും മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരം 1624519/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിന്റെ സംശുദ്ധി പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കുന്നില്ലങ്കിൽ, ടി തുക നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വേണ്ടി ചെലവു ചെയ്തതല്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-9 മിനി ഹൈമാസ് ലൈറ്റ് സ്ഥാപിക്കൽ -പ്രോജക്ട് നം.S136/17

### അപാകതകൾ

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി 22 മിനി ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പ് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ഇതിനായി 42,90,000 രൂപ കെൽട്രോൺ ഡിമാന്റ് ചെയ്യുകയും ബിൽ നം.27/30-3-17പ്രകാരം 2762816 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് കെൽട്രോണിനു നൽകുകയുമുണ്ടായി. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന പോരായ്മകൾ കാണുന്നു.

പഞ്ചായത്തിന്റെ 24-1-17ലെ A2 10680/16-ം നമ്പർ കത്തു പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകി. ഇതിൽ സപ്ലൈ ഓർഡർ കൈപ്പറ്റി 15ദിവസത്തിനകം കരാർ വയ്ക്കണമെന്നും തുടർന്ന് 30ദിവസത്തിനകം പണി പൂർത്തിയാക്കണമെന്നും കാണിച്ചിരുന്നു. എന്നാൽ 10-3-17 ൽ മാത്രമാണ് കരാർ വച്ചിട്ടുള്ളത്. തുടർന്ന് 20-5-17 ൽ ആണ് KSEB അർത്തുങ്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ ഹൈമാസ് ലൈറ്റ് സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുള്ളത്. ഇവിടെ തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 16-10-15 ലെ സ.ഉ.(സാധാ)3140/15 പ്രകാരം KSEB യിൽ നിന്നും ക്ലിയറൻസ് വാങ്ങിയതിനു ശേഷം മാത്രമേ സപ്ലൈ ഓർഡർ നൽകാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല എന്നു കാണുന്നു. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർച്ച് 31നു മുൻപു തന്നെ ബില്ലുകൾ മാറി നൽകിയെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി വൈദ്യുതി കണക്ഷൻ എടുക്കുന്ന സമയത്ത് രേഖാമൂലം ഒരു കത്ത് KSEB ആവശ്യപ്പെട്ടതുകൊണ്ടാണ് 20-5-17 ൽ കത്തു നൽകിയതെന്നുമാണ്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കാരണം 2016-17 വർഷം ആകെ ചെലവ് വന്നിട്ടുള്ളത് 2762816 രൂപ മാത്രമാണ്. തുടർന്ന് കെൽട്രോണിനു പണം നകിയതായി രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല വൈദ്യുതി കണക്ഷൻ കൊടുത്തതിനു ശേഷം ഇവയെല്ലാം വർക്കുചെയ്യുന്നുണ്ടെന്നു ഉറപ്പാക്കിയതിനുശേഷം മാത്രമാണ് പണം നൽകേണ്ടിയിരുന്നത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച വ്യക്തത ഇല്ലാത്തതിനാൽ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾ കരാർ ചമയ്ക്കാത്തതു സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ 12 വർഷത്തേയ്ക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ലായെന്ന് സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ തൻവർഷം ജവഹർ ഭവന പദ്ധതി, ഭവന നിർമ്മാണം (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ ഇപ്രകാരം കരാർ രജിസ്റ്റർ ചെയ്തിട്ടില്ല.

1.ലീലാമ്മ ഔസേഫ്, കണ്ണമാലിയിൽ, അർത്തുങ്കൽ.

2.ത്രേസ്യാമ്മ ജനവാച്ചൻ, അരേശ്ശേരിൽ, ചേർത്തല തെക്ക്.

3.രാജമ്മ പൊന്നപ്പൻ, പാറലിൽവെളി, ചേർത്തല തെക്ക്.

4.പ്രസന്ന മോഹൻദാസ്, കൊച്ചുപറമ്പിൽ, തൈക്കൽ.

5.സിന്ധു യതിരാജൻ, കേളംചിറ, മായിത്തറ.

ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കളെക്കൊണ്ട് കരാർ രജിസ്റ്റർ ചെയ്യിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-11 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

a) ക്യൻസർ നിർണ്ണയ പരിപാടി – ക്രമവിരുദ്ധമായ ചെലവ് തടസ്സപ്പെടുത്തുന്നു. 2016--17 വർഷം ക്യൻസർരോഗ നിർണ്ണയ പരിപാടിയ്ക്കായി 47,190 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 15.03.2017 ൽ റീജിയണൽ ക്യാൻസർ സെൻ്ററിന്റെ ആഭിമുഖ്യത്തിൽ രണ്ട് കേന്ദ്രങ്ങളിലായിട്ടാണ് ക്യൻസർ നിർണ്ണയ പരിപാടി സംഘടിപ്പിച്ചത്. ടി ദിവസം പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ളവർക്ക് രാവിലെ 10 മണിമുതൽ പുല്ലംകുളം മിനി ആഡിറ്റോറിയത്തിലും പടിഞ്ഞാറൻ മേഖലയിലുള്ളവർക്ക് ഉച്ചയ്ക്ക് 2 മണി മുതൽ ഹോമിയോ അശുപത്രി അർത്തുങ്കലുമാണ് ക്യാൻസർ നിർണ്ണയ പരിപാടി നടത്തിയിരിക്കുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുരേഖകൾ പരിശോധിച്ചതിൽ, 8750 രൂപ ചെലവഴിച്ചിരിക്കുന്നത് 125 പേർക്ക് ഉച്ചഭക്ഷണം നൽകിയതിനായിട്ടാണ്. ഒരു ദിവസം രണ്ട് വ്യത്യസ്ത സ്ഥലങ്ങളിലാണ് ക്യാമ്പ് നടത്തിയിട്ടുള്ളത്. കൂടാതെ ഒരു ക്യാമ്പ് തീർന്നതിനുശേഷമാണ് രണ്ടാമത്തെ ക്യാമ്പ് തുടങ്ങുന്നത്. ഇതിനായി 125 പേർക്ക് ഉച്ചഭക്ഷണം നൽകിയെന്ന് പറയുന്നത് ന്യായീകരിക്കാവുന്നതല്ല. തുക കൈപ്പറ്റിയതിന്റെ രസീതല്ലാതെ ഊണ് നൽകിയ കടയുടെ പേരിലുള്ള ബില്ലോ മറ്റ് രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇത്തരം ചെലവുകൾ സുതാര്യമായി ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

b)പാലിയേറ്റീവ് കെയർ പദ്ധതി – സർക്കാർ നിർദ്ദേശം പാലിച്ചില്ല

2015ലെ പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ (ജി.ഒ.(ആർ.ടി) 3217/2015/ ത.സ്വ.ഭ.വ/29.10.2015) പ്രകാരം ഹോംകെയർ നടത്തുന്ന ദിവസങ്ങളിൽ ഉച്ചഭക്ഷണത്തിനായി ഒരുദിവസം 180 രൂപയാണ് ചെലവഴിക്കുവാൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ 2016-17 വർഷത്തെ ഹോംകെയർ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ, 2016 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ 27 ഭവന സന്ദർശനങ്ങളുമായി ബന്ധപ്പെട്ട് ഉച്ചഭക്ഷണത്തിനായി 8120 രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം 27 ഭവന സന്ദർശനങ്ങൾക്ക് ഭക്ഷണത്തിനായി ചെലവഴിക്കാവുന്നത് 4860 രൂപയാണ്. എന്നാൽ അനുവദനീയമായതിന്റെ ഇരട്ടിയിലധികം തുകയാണ് ടി കാലയളവിൽ ചെലവഴിച്ചിട്ടുള്ളത്. 2015ലെ പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ ശ്രദ്ധയിൽപ്പെടാതിരുന്നതുകൊണ്ടാണ് അധികം തുക ചെലവഴിച്ചതെന്നാണ് ഇതുസംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കണമായിരുന്നു. അധികമായി ചെലവു ചെയ്ത 3260/- രൂപ നിരാകരിക്കുന്നു. അധികമായി ചെലവു ചെയ്ത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 മരുന്ന് ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം ) എന്ന പദ്ധതി പ്രകാരം അർത്തുങ്കൽ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി 13.3.2017 ലെ ബിൽ നം. 7/2016-17 പ്രകാരം വികസന ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയെങ്കിലും ഇതുവരെ മരുന്ന് വിതരണം ആരംഭിച്ചിട്ടില്ല. ഹോംകോയിൽ നിന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 ആദായ നികുതി കുറവുവരുത്താതെ കരാറുകാരന് തുക നൽകി

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ഇതുൾപ്പെടെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ആകെ മൂല്യം | ഐറ്റി | കരാറുകാരന് തുക ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|
| വാർഡ് 22-ൽ സോളിഡ് ബ്ലോക്ക് നിർമ്മാണം | 212304 | 2123 | 20.3.2017 |
| വാർഡ് 11-ൽ സോളിഡ് ബ്ലോക്ക് നിർമ്മാണം | 206744 | 2067 | 20.3.2017 |
| വാർഡ് 5-ൽ സോളിഡ് ബ്ലോക്ക് നിർമ്മാണം | 180279 | 1802 | 26.11.2016 |
| വാർഡ് 1-ൽ സോളിഡ് ബ്ലോക്ക് നിർമ്മാണം | 189572 | 1895 | 26.11.2016 |
| വാർഡ് 3-ൽ സോളിഡ് ബ്ലോക്ക് നിർമ്മാണം | 191460 | 1914 | 8.12.2016 |
| ആകെ | | 9801 | |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി ഒടുക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. കരാറുകാരനിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-14 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം പദ്ധതിയിലെ അപാകതകൾ

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വവും വരുമാന പരിധി 50,000/- രൂപയിൽ കവിയാത്തവരുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഒരു പഞ്ചവത്സരക്കാലയളവിൽ ഒരിക്കൽ മാത്രം പരമാവധി 4000/- രൂപ വരെ വില വരുന്ന ഫർണ്ണീച്ചർ വാങ്ങി, സ്കൂളിൽ നിന്നും നല്കുന്ന അർഹതാ ലിസ്റ്റ് അനുസരിച്ച് സ്കൂൾ അധികൃതർ വഴി വിതരണം നടത്താവുന്നതാണ്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പിലാക്കിയ ഫർണ്ണീച്ചർ വിതരണം (പ്രോജക്ട് നം. S0075/17, ബിൽ നം.01/17 തുക 204000/-തീ.30-03-17) പദ്ധതി പ്രകാരം 51 വിദ്യാർഥി കൾക്ക് നേരിട്ട് ആനുകൂല്യം നല്കിയിട്ടുണ്ട്. എന്നാൽ

1.ഈ വിദ്യാർത്ഥികൾ മുൻപ് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

2. താഴെപ്പറയുന്ന വിദ്യാർത്ഥികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളവരുടെ മക്കളാണെന്നത് സംബന്ധിച്ച രേഖകൾ അല്ല.

a)ജോബിൻ കെ ജെ, വാർഡ് 9(Sl No. 31)-അപേക്ഷ ഫയലിൽ ഇല്ല.

b)സാനിയ തോമസ്, വാർഡ് 17 (Sl No. 65)

3.താഴെപ്പറയുന്ന അപേക്ഷകർ റേഷൻ കാർഡോ വരുമാന സർട്ടിഫിക്കേറ്റോ ഹാജരാക്കിയിട്ടില്ല.

a)അതുൽ വി.റ്റി, വാർഡ് 3 (Sl No. 40)

b)മെറ്റിൽഡാ സെബാസ്റ്റ്യൻ, വാർഡ് 17 (Sl No. 69)

4. APL വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടാത്ത ചുവടെ ചേർത്തിരിക്കുന്ന അപേക്ഷകർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| വാർഡ് നം. | അപേക്ഷകർ |
|---|---|
| 18 | മരിയ സെബാസ്റ്റ്യൻ,(Sl No. 88)<br>ഫ്ളെവിൻ ജോസഫ്,വാർഡ് 18 (Sl No. 81) |
| 16 | അനില എം എസ്, (Sl No. 53) |
| 1 | അനു പി ജെ, (Sl No. 13)<br>അഭിമോൾ ആൻഡ്രൂസ്, (Sl No. 13)<br>ലൈസാമ്മ, (Sl No. 4) |
| 8 | സാനുമോൾ, (Sl No. 9) |
| 3 | ലിധിയ സരോഷ്,<br>വർഷ രമണൻ |
| 19 | അമൽ സെബാസ്റ്റ്യൻ,<br>ഷിനി ബെന്നി,<br>മരിയ സാനിയ |

മേൽ പറഞ്ഞവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ശരിയായ രേഖകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവിന്റെ സംശുദ്ധി ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക കണക്കിന്റെ ഭാഗമായ ബാലൻസ് ഷീറ്റും ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാധ്യതകളേയോ ആദായത്തേയോ ചെലവിനേയോ പ്രതിനിധാനം ചെയ്യുന്നില്ല. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

1) ബാലൻസ് ഷീറ്റ്

a)തൻവർഷത്തെ പഞ്ചായത്ത് ഫണ്ട് കണക്കാക്കുന്നത് മുൻവർഷത്തെ പഞ്ചായത്തു ഫണ്ടിനൊപ്പം ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള സർപ്ലസ്/ഡെഫിസിറ്റ് കൂട്ടി/കുറച്ചാണ്. എന്നാൽ തൻവർഷത്തെ ഡെഫിസിറ്റ് തുകയായ 7012325/- രൂപയ്ക്ക് പകരം വിശദീകരിക്കപ്പെടാത്ത ഒരു തുക പരിഗണിച്ചാണ് പഞ്ചായത്ത് ഫണ്ട് കണക്കാക്കിയിരിക്കുന്നത്.

b) റിസർവ്വ് ആയി കാണിച്ചിരിക്കുന്ന 6.01 കോടി രൂപ എന്തെന്ന് വ്യക്തമാക്കിയിട്ടില്ല.

c) ഫിക്സഡ് അസറ്റിന്റെ മൂല്യനിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭ്യമല്ല.

2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

ആകെ ആദായമായി കാണിച്ചിരിക്കുന്ന 16.83/- കോടിയും ചെലവായി കാണിച്ചിരിക്കുന്ന 17.39 കോടിയും ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന കണക്കല്ല. റസീറ്റ് & പെയ്മെന്റ് കണക്കു പ്രകാരം തൻവർഷത്തെ വരവും പണം നൽകലും യഥാക്രമം 7.58/- കോടിയും 6.51/- കോടിയും മാത്രമാണ്. മുൻവർഷങ്ങളിലേയും വരുന്ന വർങ്ങളിലേയും ആദായവും ചെലവും പരിഗണിച്ചാലും ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തുകകൾ ശരിയല്ല.

ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരവും റസീറ്റ് & പെയ്മെന്റ് കണക്കു പ്രകാരവും വിവിധ പ്രധാന ഇനങ്ങളിലെ വ്യത്യാസം താഴെപ്പറയുന്നു.

| | Income & Expenditure Statement | Receipt & Payment A/c |
|---|---|---|
| ഗ്രാന്റ് & കോൺട്രിബ്യൂഷൻ (ആകെ | 162686255 | 66078043 |
| പ്ലാൻഫണ്ട് ചെലവ് | 103373247 | 24432313 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ചെലവ് | 45334857 | 1719600 |

വാർഷിക കണക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000<br>400000 | മിൽക്ക് ഇൻസന്റീവ്<br>ഒ.ഡി.എഫ് | 500000<br>400000 | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 325000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 317200 | 7800 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21601288 | 399840 | - | 399840 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 10869/10/ 15.3.2010 | | 2840000 | 2840000 | | - |

4-6. സ്ഥിരനിക്ഷേപങ്ങൾ –

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

-- ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-- ഇല്ല--

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 75787486 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65109765 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 735967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4629942 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 485940 | ശ്രീ.പി.ഉദയസിംഹൻ, സെക്രട്ടറി |
| 3-3 | | 11227 | ശ്രീ.തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 2851 | ടി |
| 3-7 | | 2729 | പ്രസീജ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 (4) | | 29960 | അനൂപ്, കൃഷിഓഫീസർ |
| 3-11(b) | | 3260 | ഡോ.സിമിലാൽ,മെഡിക്കൽ ഓഫീസർ |
| 3-12 | | 200000 | ഡോ.സിമിലാൽ, മെഡിക്കൽ ഓഫീസർ |
| ആകെ | | 735967 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 (a & b) | 29857 | ശ്രീ. തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 1624519 | ശ്രീ. അനൂപ് , കൃഷിഓഫീസർ |
| 3-9 | 2762816 | പി.ഉദയസിംഹൻ, സെക്രട്ടറി |
| 3-11(a) | 8750 | ഡോ.സിമിലാൽ , മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 3-14 | 204000 | ശ്രീമതി.ബിന്ദു.കെ.ഒ, ഫിഷറീസ് ഇൻസ്പെക്ടർ |
| ആകെ | 4629942 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-2(b) --- 6552

3-13 --- 9801

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ഉദയസിംഹൻ, സെക്രട്ടറി | സെക്രട്ടറി,ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | പോട്ടയിൽ, വാരണം പി.ഒ, ചേർത്തല |
| ഡോ. മേരി ലിഷി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ. ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | പാരിച്ചേരിയിൽ ഹൗസ്, നോർത്ത് ആര്യാട് പി.ഒ, ആലപ്പുഴ |
| ശ്രീ. തോമസ് ഡിക്രൂസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | കുരിശുങ്കൽ ഹൗസ്, വയലാർ പി.ഒ , ചേർത്തല |
| ശ്രീ. അനൂപ്, കൃഷിഓഫീസർ | കൃഷി ഓഫീസർ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | M-6, കസ്തൂർബ നഗർ, കടവന്ത്ര പി.ഒ, കൊച്ചി |
| ഡോ.സിമിലാൽ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) | മെഡിക്കൽ ഓഫീസർ (ആരോഗ്യം)ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് | കൊല്ലംപറമ്പിൽ ഹൗസ്, ഓഴത്തിൽ ലെയ്ൻ, നാഗമ്പടം, കോട്ടയം -1 |
| ശ്രീമതി.പ്രസീജ, അസിസ്റ്റന്റ് എഞ്ചിനീയർ | | വസുമതിയമ്മ മെമ്മോറിയൽ ബിൽഡിംഗ്, നെട്ടുമ്പ്രക്കാട് എൽ.പി.സ്കൂളിന് സമീപം, ചേർത്തല |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| 2006-07 | എൽ.എഫ്.എ.പി5-1292/10/10.10.12 |
| 2007-08 | എൽ.എഫ്.എ.പി5-1293/10/19.3.13 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/12.3.14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി5-986/14/11.9.14 |
| 2012-13 | എൽ.എഫ്.എ.പി5-478/14/17.1.15/9.2.15 |
| 2013-14 | എൽ.എഫ്.എ.പി5-411/16/29.4.16/5.5.16 |
| 2014-15 | കെ.എസ്.എ.എഎൽ..പി |
| 2015-16 | എൽ.എഫ്.എ.പി |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഫീസ്, ആലപ്പുഴ.

•

## അനുബന്ധം

നം. കെ.എസ്.എ-എ.എൽ.പി/പി13/653/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 06-06-2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പരിശോധനയ്ക്ക് ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ആസ്തിബാധ്യതകളേയും വരവുചെലവുകളേയും പ്രതിനിധാനം ചെയ്യുന്നില്ല എന്നു സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

No. KSA-ALP/P13/653/2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 06-06-2017.

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Cherthala South Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Annual Financial Statement presented for verification do not truly represent the financial position & income & expenditure of the gramapanchayat for 2016-17.

Deputy Director
Kerala State Audit Department
District Audit Office, Alappuzha.